**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1062** **30-06-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി എന്നീ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പ്രകാരം കുടിവെള്ളമെത്തിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി എന്നീ പഞ്ചായത്തുകളിൽ ജല ജീവൻ മിഷൻ പദ്ധതിപ്രകാരമുള്ള കുടിവെള്ള പദ്ധതിയുടെ ഫ്ലോട്ടിംങ് കിണർ, 100 MLD ശേഷിയുള്ള ജല ശുദ്ധീകരണ ശാല എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സാങ്കേതിക അനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഓരോ പഞ്ചായത്തിലും നടന്ന പ്രവർത്തനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ? | (ബി) | **ചേമഞ്ചേരി-** വിതരണ ശൃഖലയുടെ ഡിസൈൻ തയ്യാറാക്കി വരുന്നു. ജല സംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ മണ്ണ് പരിശോധന പൂർത്തിയായി. ജല സംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച് എഗ്രിമെന്റ് പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ടതുണ്ട്.<br>**ചെങ്ങോട്ട്കാവ്-** വിതരണ ശൃഖലയുടെ ഡിസൈൻ തയ്യാറാക്കി വരുന്നു. ജല സംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലത്തിന്റെ മണ്ണ് പരിശോധന പൂർത്തിയായി. ജല സംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്.<br>**മൂടാടി-** വിതരണ ശൃഖലയുടെ സർവ്വേ പൂർത്തിയായി. ജലസംഭരണി നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച എഗ്രിമെൻറ് പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ടതുണ്ട്. മണ്ണ് പരിശോധന പൂർത്തിയായി. ജലസംഭരണിയുടെ ഡിസൈൻ തയ്യാറാക്കിവരുന്നു.<br>**തിക്കോടി-** വിതരണ ശൃഖലയുടെ സർവ്വേ പൂർത്തിയായി. ജല സംഭരണി നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം നിർണയിക്കുവാൻ കഴിയാത്തതിനാൽ പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നതേയുള്ളു. ഇതിന് കാലതാമസം |

| | | | |
|---|---|---|---|
| | | | വരുമെന്നതിനാൽ മറ്റൊരു സ്ഥലം ലഭ്യമാക്കുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ